# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം** **29.06.2012 ന് മറുപടിക്ക്**
**നമ്പർ 4578**

## മലയാളം മിഷന്റെ പ്രവർത്തനങ്ങൾ

ചോദ്യം | മറുപടി

ശ്രീ.കെ.ശിവദാസൻ :
ശ്രീ.പാലോട് രവി:
ശ്രീ.റ്റി.എൻ.പ്രതാപൻ:
ശ്രീ.ലൂഡി ലൂയിസ്:

ശ്രീ.കെ.സി.ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലയാളം മിഷന്റെ പ്രവർത്തനങ്ങൾ മറ്റ് സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | മറുനാടൻ മലയാളികളുടെ കുട്ടികൾക്ക് മലയാള ഭാഷ പഠിക്കുന്നതിനും കേരള സംസ്കാരം പരിചയിക്കുന്നതിനും അവസരം ഒരുക്കുന്നതിലേയ്ക്കായി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായ മലയാളം മിഷന്റെ പ്രവർത്തന മേഖല കേരളത്തിനു പുറത്തുള്ള സംസ്ഥാനങ്ങളും വിദേശ രാജ്യങ്ങളുമാണ്. മറ്റ് സംസ്ഥാനങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | മറ്റ് സംസ്ഥാനങ്ങളിൽ മിഷന്റെ പ്രവർത്തന കേന്ദ്രങ്ങൾ ഉണ്ടോ; വിശദമാക്കുമോ; | (ബി) | ഇന്ത്യയിൽ ഇപ്പോൾ ഡൽഹി, മുംബെയ്, ചെന്നൈ, കൽപ്പാക്കം, പോണ്ടിച്ചേരി, എന്നിവിടങ്ങളിൽ മലയാളം മിഷന്റെ പ്രവർത്തനങ്ങൾ നടന്ന് വരുന്നു. |
| (സി) | ഏത് ഏജൻസിയുടെ സഹായത്തോടെയാണ് ഇത് പ്രാവർത്തികമാക്കുന്നത്? | (സി) | കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള മലയാളം മിഷനാണ് വിവിധ സംസ്ഥാനങ്ങളിൽ ഭാഷാപഠന പ്രവർത്തനങ്ങൾ നടത്തുന്നത്. |

സെക്ഷൻ ഓഫീസർ